ജില്ലാ കളക്ടറുടെ കാര്യാലയം
വയനാട്.കൽപ്പറ്റ
ഫോൺ.04936 202251,ഫാക്സ്. 04936 203450
ഇമെയിൽ: deocwyd@gmail.com

**വയനാട് ജില്ലാ കലക്ടർ & ചെയർമാൻ ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ നടപടിക്രമം**

**(ഹാജർ: ഡോ. അദീല അബ്ദുള്ള ഐ.എ.എസ്)**

**<u>ഉത്തരവ് നമ്പർ DCWYD/2909/2020-DM1 തീയതി 19.3.2020</u>**

വിഷയം:-ഡിസാസ്റ്റർ മാനേജ്മെന്റ്-കൊറോണ കോവിഡ് 19 വ്യാപനം തടയുന്നത് - ജില്ലയിൽ ഹാൻഡ് സാനിറ്റൈസർ ലഭ്യത ഉറപ്പുവരുന്നത്- സംബന്ധിച്ച്.

സൂചന: 1) കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 17.3.2020 ലെ 3365/എ 1/2015/ കെ.എസ്.ഡബ്ല്യു. വൈ.ഡി നമ്പർ കത്ത്

2) ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18.3.2020 ലെ ബി.ഡി.എസ് 012/03/2020 നമ്പർ കത്ത്

---

ലോകമെങ്ങും കൊറോണ വൈറസ് മൂലമുള്ള കോവിഡ് 19 എന്ന രോഗം വ്യാപിച്ചിരിക്കുന്നതും ഒൻപതിനായിരത്തോളം പേർ ഇതുവരെ അതുമൂലം മരണപ്പെട്ടിട്ടുമുള്ള സാഹചര്യത്തിൽ കൊറോണക്കെതിരെയുള്ള പ്രതിരോധ നടപടികൾ സംസ്ഥാനത്ത് ശക്തമാക്കിക്കൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിൽ നിലവിൽ 509 പേർ ഇതുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിലാണ്. എന്നാൽ പ്രതിരോധ നടപടികൾക്കാവശ്യമായ മാസ്ക്, ഹാൻഡ് സാനിറ്റൈസർ എന്നിവയുടെ ലഭ്യതക്കുറവ് ജില്ലയിലുണ്ട്.

കോവിഡ്-19 എന്ന രോഗത്തിന്റെ വ്യാപനം തടയുന്നതിനായി അതിനെതിരെയുള്ള പ്രതിരോധ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിനായി ഹാൻഡ് സാനിറ്റൈസർ, മാസ്ക് എന്നിവയുടെ ലഭ്യത അടിയന്തരമായി ഉറപ്പുവരുത്തേണ്ടതുമാകുന്നു . ഹാൻഡ് സാനിറ്റൈസർ നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി സൂചന 1 പ്രകാരം 8 കുടുംബശ്രീ ഹാൻഡ് വാഷ് യൂണിറ്റുകൾക്ക് വേണ്ടി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും സൂചന 2 പ്രകാരം ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കു വേണ്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും അപേക്ഷ നൽകിയിട്ടുണ്ട്. സാനിറ്റൈസർ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിശീലനം നൽകുന്നതിന് തായ് ഗ്രൂപ്പ് സന്നദ്ധമാണെന്ന വിവരം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

ജില്ലയിൽ നിലവിലുള്ള പ്രത്യേക സാഹചര്യം പരിഗണിച്ച് ഹാൻഡ് സാനിറ്റൈസർ നിർമ്മിക്കാൻ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കും കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സൂചിപ്പിച്ച കുടുംബശ്രീ ഹാൻഡ് വാഷ് യൂണിറ്റുകൾക്കും

ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് 34(m) വകുപ്പ് പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു. ദുരന്തനിവാരണ ആക്ട് പ്രകാരമുള്ള ഈ പ്രത്യേക അനുമതിക്ക് ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കഴിയുന്നതുവരെ മാത്രമേ സാധുത ഉണ്ടായിരിക്കുകയുള്ളൂ.

ഗുണനിലവാരമുള്ള ഹാൻഡ് സാനിറ്റൈസർ നിർമ്മിക്കാൻ ആവശ്യമായ അളവിലാണ് ഉദ്പാദന ചേരുവകൾ മിശ്രണം ചെയ്യുന്നതെന്നും ഇപ്രകാരം ഉദ്പാദിപ്പിച്ച ഹാൻഡ് സാനിറ്റൈസറിന് ആവശ്യമായ ഗുണനിലവാരം ഉണ്ടെന്നും ഡ്രഗ് ഇൻസ്പെക്ടർ, വയനാട് ഉറപ്പ് വരുത്തേണ്ടതാണ്.

ജില്ലാ കലക്ടർ & ചെയർമാൻ ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി

വയനാട്

1) കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ.
2) ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
3) ഡ്രഗ്സ് ഇൻസ്പെക്ടർ, വയനാട്